ഷ്ട്രപതിബഞ്ചിൽനിന്നും ഒരു പ്രമേയം ഔദ്യോഗികമായി അവതരിപ്പിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. കരുണാകരൻ : സർ, നമ്മുടെ രാഷ്ട്രപതിയുടെ പ്രസിഡണ്ടായി ഇതു നാലാമത്തെയാളാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. ഇതിനുമുമ്പു് മൂന്നു പേരെ നാലു പ്രാവശ്യം പ്രസിഡണ്ടുമാരായി തിരഞ്ഞെടുത്തിട്ടുണ്ടു്. അന്നൊന്നും തന്നെ ഇവിടെ ഒരു പ്രമേയം അവതരിപ്പിക്കുകയോ ചർച്ച ചെയ്യുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും പ്രത്യേകം ഒരു കീഴ്വഴക്കം സൃഷ്ടിക്കുന്നതു ശരിയാണോ ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, ഇതിനൊരു പ്രത്യേകതയുണ്ടു്. കാരണം സഭ നടന്നുകൊണ്ടിരിക്കുമ്പോഴാണു ഇപ്പോഴത്തെ പ്രസിഡണ്ടു് ഇലക്ഷനും ഫലപ്രഖ്യാപനവും ഉണ്ടായതു്. മറ്റുള്ള പ്രസിഡണ്ടുമാരെ തിരഞ്ഞെടുത്തപ്പോഴൊന്നും തന്നെ സഭ സമ്മേളിച്ചിരുന്നില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട വി. വി. ഗിരിയെ രാഷ്ട്രപതിയായി തിരഞ്ഞെടുത്തിരിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിനും അഭിനന്ദിക്കുന്നതിനും വേണ്ടി ഒരു പ്രമേയം അവതരിപ്പിച്ചു പാസ്സാക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ : സർ, ബഹുമാനപ്പെട്ട വി. വി. ഗിരിയെ രാഷ്ട്രപതിയായി തിരഞ്ഞെടുത്തതിൽ കേരളീയരെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയുണ്ടു്. അതായതു് അദ്ദേഹം മറ്റുള്ള ഗവണ്ണർമാരെക്കാൾ കൂടുതൽ നാളും കേരളത്തിൽ ഗവണ്ണറായിട്ടിരുന്നിട്ടുണ്ടു്. അദ്ദേഹം കേരളീയർക്കു വേണ്ടി വളരെ ആത്മാർത്ഥമായ സേവനം നടത്തിയിട്ടുള്ള ആളാണു്. കേരളീയർക്കു് അഭിമാനകരമായ, ഏറ്റവും ഇഷ്ടപ്പെട്ട ഒരു പ്രസിഡണ്ടാണു് ശ്രീ. വി. വി. ഗിരി. അതുകൊണ്ടു് അദ്ദേഹത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുത്തതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിനുവേണ്ടിയും, അദ്ദേഹത്തിനു് ഈ നിയമസഭയുടെ സർവ്വവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നതിനും വേണ്ടി ഒരു പ്രമേയം അവതരിപ്പിച്ചു പാസ്സാക്കി അയയ്ക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. എ ശിവരാമഭാരതി : ഇൻഡ്യയുടെ പ്രസിഡണ്ടായി തിരഞ്ഞെടുത്തിരിക്കുന്ന ശ്രീ. വി. വി. ഗിരിയെ ഈ അവസരത്തിൽ സ്വാഗതം ചെയ്യുകയെന്നുള്ള നിലയിൽ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചു പാസ്സാക്കേണ്ടതു് നിശ്ചയമായും ആവശ്യമാണു്, അതൊരു നല്ല കാര്യവുമാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ പ്രസിഡണ്ടാക്കിയതിൽ ഒരു പ്രത്യേക സന്തോഷം കൂടിയുണ്ടു്. ആ സന്തോഷം രേഖപ്പെടുത്തേണ്ടതു വളരെ ആവശ്യമാണു്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സഭയുടെ അനുവാദത്തോടുകൂടി ഒരു പ്രമേയം എഴുതി ഉണ്ടാക്കി ഇവിടെ അവതരിപ്പിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഗിരിയെ രാഷ്ട്രപതിയായി തിരഞ്ഞെടുത്തതിൽ തീർച്ചയായും നാം അദ്ദേഹത്തെ അനുമോദിക്കേണ്ടതാണു്. കാരണം ശ്രീ. വി. വി. ഗിരി കേരളത്തിലെ ജനങ്ങളുടെ ഹൃദയത്തിൽ അത്രമാത്രം സ്ഥാനം പിടിച്ചിട്ടുണ്ടു്. ആ നിലയിൽ അദ്ദേഹത്തെ പ്രസിഡണ്ടായി തിരഞ്ഞെടുത്തതിൽ കേരളത്തിലെ ജനങ്ങൾക്കു് അങ്ങേയറ്റത്തെ സന്തോഷമുണ്ടു്. അതിനു് സമുചിതമായ ഒരു പ്രമേയം ഇവിടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി അവതരിപ്പിക്കുന്നതാണു്.

VI. PRESENTATION OF REPORT

Report of the Committee on Private Members' Bills and Resolutions

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : സ്വകാര്യഅംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1969-ലെ പത്താമത്തെ റിപ്പോർട്ടു് ഞാൻ സമർപ്പിക്കുന്നു.

Mr. Speaker : The report is presented.

LIBRARY ARCHIVES Kerala Legislative Assembly